**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1952** **04-02-2026 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ ഫുട്ബോൾ മത്സരങ്ങൾക്കായി വികസിപ്പിച്ചെടുത്ത കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയം (ഇ. എം. എസ്. സ്റ്റേഡിയം) മറ്റേതെങ്കിലും മത്സരത്തിനായി വിട്ടുകൊടുത്തിട്ടുണ്ടോ; | (എ) | ഉണ്ട്. കായിക മത്സരങ്ങൾക്കും കായിക പരിശീലനത്തിനുമായി വികസിപ്പിച്ച കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയം നടത്തിപ്പിനും മെയിന്റനൻസിനുമായി 06/11/2025 തീയതിയിലെ കരാർ ഉടമ്പടി പ്രകാരം കേരള ഫുട്ബോൾ അസോസിയേഷന് 07/08/2024 തീയതി മുതൽ കൈമാറിയിട്ടുള്ളതാണ്. കെ എഫ് എ യുടെ എൻ ഒ സി പ്രകാരമാണ് കോർപ്പറേഷന് സ്റ്റേഡിയം ഇന്ത്യൻ സൂപ്പർ ക്രോസ് റേസിംഗ് ലീഗ് നടത്തുന്നതിന് അനുവദിച്ചിട്ടുള്ളത്. |
| (ബി) | മറ്റ് മത്സരങ്ങൾക്കായി വിട്ടു കൊടുത്ത സ്റ്റേഡിയത്തിൽ കാര്യമായ മാറ്റങ്ങൾ സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; | (ബി) | കേടുപാടുകൾ സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശ്രദ്ധയിൽപ്പെട്ട ഉടനെ കോർപ്പറേഷൻ ഉദ്യോഗസ്ഥ സംഘം സ്റ്റേഡിയത്തിൽ നേരിട്ട് പരിശോധന നടത്തുകയും ബന്ധപ്പെട്ടവർക്ക് കേടുപാടുകൾ പരിഹരിക്കുന്നതിന് നിർദേശം നൽകി നടപടികൾ സ്വീകരിച്ചു. |
| (സി) | മൈതാനം എന്നത്തേക്ക് പൂർവ്വസ്ഥിതിയിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | സ്റ്റേഡിയം പൂർവ്വ സ്ഥിതിയിൽ ആക്കുവാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ